LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ഗുരുവായൂർ ക്ഷേത്രത്തിൽ സമർപ്പിക്കപ്പെടുന്ന വഴിപാടുകൾ പരിശോധിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് അധികാരമില്ല. 1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റ് സെക്ഷൻ 10(സി) സെക്ഷൻ 28 എന്നിവ പ്രകാരവും 1980-ലെ ഗുരുവായൂർ ദേവസ്വം റൂൾസിലെ റൂൾ 12 പ്രകാരവും ഗുരുവായൂർ ദേവസ്വത്തിന്റെ വിലപിടിച്ച വസ്തുക്കളുടെ സൂക്ഷിപ്പും പരിപാലനവും ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ മാത്രം ചുമതലയിൽപ്പെട്ടതാണ്.

(സി ആന്റ് ഡി) ദേവപ്രശ്നം നടത്തിയിട്ടില്ല. വഴിപാടുകൾ പരിശോധിക്കാനനുവദിക്കുന്ന കാര്യത്തിൽ ഗുരുവായൂർ ദേവസ്വം ഭരണസമിതി അന്തിമ തീരുമാനമെടുത്തിട്ടില്ല. ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും നിർദ്ദേശം തേടിയിരിക്കുകയാണ്. അമ്പലങ്ങളിൽ സമർപ്പിക്കപ്പെടുന്ന വഴിപാടുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനോട് ഗവൺമെന്റിന് തത്വത്തിൽ യോജിപ്പില്ല. ഈ പ്രശ്നത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചുവരികയാണ്.

നെൽകൃഷി സംരക്ഷിക്കുന്നതിന് പദ്ധതി

86 [1163] ശ്രീ ബിനോയ് വിശ്വം:

„ മാങ്കോട് രാധാകൃഷ്ണൻ:

„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി സംരക്ഷിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) സംസ്ഥാനത്ത് ഇപ്പോഴുള്ള നെൽവയലുകളുടെ മൊത്തം വിസ്തൃതി എത്ര;

(സി) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് നികത്തിയ നെൽ വയലുകളുടെ വിസ്തൃതി എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) നെൽകൃഷി വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

1. സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി പ്രകാരം 2004-2005 വർഷത്തിൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 800 ലക്ഷം രൂപയ്ക്കും ഉള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

2. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം ഹെക്ടറിന് 1000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

3. നെൽകൃഷി വികസന ഏജൻസികൾ വഴി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

4. കർഷകർക്ക് ആവശ്യമുള്ള സർട്ടിഫൈഡ് വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് വിത്തു വികസന അതോറിറ്റിക്ക് 27 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

5. വിത്തു പരിശോധനാ ലാബുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

6. നെൽകൃഷിക്ക് പൂർണ്ണമായും വൈദ്യുതി സൗജന്യം അനുവദിക്കുന്നുണ്ട്.

7. ഒരു സീസണിൽ ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നു. പ്രസ്തുത പദ്ധതിക്കായി 1061.80 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

8. രജിസ്ട്രേഡ് വിത്തുൽപ്പാദന പദ്ധതിപ്രകാരം 140 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു.

9. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 343 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

10. സംയോജിത വളപ്രയോഗ പദ്ധതിപ്രകാരം 22.5 ലക്ഷം രൂപയും സംയോജിത കീടനിയന്ത്രണപദ്ധതി പ്രകാരം 37.68 ലക്ഷം രൂപയും ചെലവഴിക്കുന്നതാണ്.

11. കൊയ്ത്തുകാലത്ത് സർക്കാർ വിപണിയിലിടപെട്ട് കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നു.

12. വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകിയിട്ടുണ്ട്.

13. വിള നാശം നേരിട്ട കർഷകർക്കുള്ള നഷ്ടപരിഹാര തുക ഇരട്ടിയാക്കിയിട്ടുണ്ട്.

14. വിവര സാങ്കേതിക വിദ്യയുടേയും ജൈവസാങ്കേതിക വിദ്യയുടേയും അനന്ത സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നെൽകൃഷി ഉൾപ്പെടെ സംസ്ഥാനത്തെ കാർഷിക രംഗം നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

15. കുട്ടനാടിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട 33000 ഹെക്ടർ വരുന്ന പാടശേഖരങ്ങളുടെ വികസനത്തിനായി നബാഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത്പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബ്യൂറോ ഓഫ് എക്ണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് 2003-04 വർഷം 2.9 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു.

(സി) കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് 1967-ലെ കേരള ഭൂവിനിയോഗ നിയമം കർശനമായി നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ടി നിയമപ്രകാരം നെൽപ്പാടങ്ങൾ നികത്തുന്നതും തരിശ്ശിടുന്നതും മറ്റ് വിളകൾക്കായി മാറ്റുന്നതും കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. പ്രസ്തുത നിയമം കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നെല്ല് സംഭരണ സഹകരണ സംഘങ്ങൾ

87 [1164] ശ്രീ ഡി. സുഗതൻ:

,, ടി. എൻ. പ്രതാപൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. കെ. എ. ചന്ദ്രൻ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സീസണിൽ തൃശൂർ, പാലക്കാട് ജില്ലകളിൽ നെല്ല് സംഭരിക്കുവാനുള്ള ചുമതല ഏതെല്ലാം സഹകരണസംഘങ്ങളെയാണ് ഏൽപ്പിച്ചിരുന്നത്;

(ബി) പ്രസ്തുത സംഘങ്ങൾ നെല്ല് സംഭരണത്തിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) നെല്ല് സംഭരിക്കുന്ന സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം പ്രതിഫലമാണ് നൽകുന്നത്;

(ഡി) തൃശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സഹകരണസംഘം, തൃശൂർ ജില്ലാ നെൽസംഭരണ സംസ്കരണ സഹകരണ സംഘം എന്നിവയ്ക്ക് മുൻവർഷങ്ങളിൽ നെല്ല് സംഭരണം നടത്തിയ വകയിൽ എന്ത് തുക കുടിശ്ശിക കൊടുക്കാനുണ്ട്;

(ഇ) ഈ സംഘങ്ങൾ നെല്ല് സംഭരണത്തിൽ നിന്ന് പിൻമാറിയതിനെ തുടർന്ന് നെല്ല് സംഭരണകാര്യത്തിൽ ഗവൺമെന്റ് എന്തെല്ലാം ആൾട്ടർനേറ്റ് നടപടികളെടുത്തു;

(എഫ്) നെല്ലുകുത്ത് മില്ലുകൾ എന്ത് വിലയ്ക്കാണ് കർഷകരിൽനിന്നും നെല്ല് വാങ്ങുന്നത്?

LIBRARY ARCHIVES Kerala Legislative Assembly